## പതിനാലാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:3134** 07/02/2018 **ൽ മറുപടിയ്ക്ക്**

### ദുരിതാശ്വാസ നിധി ഫണ്ട് വിനിയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ഫണ്ട് കൈകാര്യം ചെയ്യുന്നതിന് റവന്യൂ വകുപ്പിന് പൂർണ്ണ അധികാരം നൽകിയിട്ടുണ്ടോ; | (എ) & (ബി) | മാരകരോഗങ്ങൾക്ക് ചികിത്സാ ധനസഹായം, അപകടമരണങ്ങൾക്ക് ഇരയായവരുടെ ആശ്രിതർക്ക് ധനസഹായം, ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത വീടുകൾക്കും ചെറുകിട കച്ചവട സ്ഥാപനങ്ങൾക്കും തീപിടുത്തത്തിൽ നാശനഷ്ടം ഉണ്ടായാൽ ധനസഹായം, കടൽക്ഷോഭത്തിൽ മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം തുടങ്ങിയവയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകി വരുന്നത്. |
| (ബി) | എങ്കിൽ ഏതെല്ലാം മേഖലകളിലാണ് ദുരിതാശ്വാസ നിധിയിലെ ഫണ്ട് ചിലവഴിക്കുവാൻ അനുവാദം നൽകിയിട്ടുള്ളത്; | | |
| (സി) | മുഖ്യമന്ത്രിയുടെ ഹെലികോപ്റ്റർ യാത്രയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഉത്തരവ്, വകുപ്പ് മന്ത്രിയുടെ അനുമതിയോടെയാണോ പുറപ്പെടുവിച്ചത്; വിശദവിവരം നൽകുമോ? | (സി) | ചീഫ് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന് ശേഷം ഉത്തരവിന്റെ പകർപ്പ് റവന്യൂ വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിൽ നല്കുകയുമാണ് ഉണ്ടായത്. |

Smitha. A.S.
സെക്ഷൻ ഓഫീസർ